**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2430** **21-01-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി പെട്രോ കെമിക്കൽ പാർക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കേരള സർക്കാർ മുൻകൈയെടുത്ത് സ്ഥാപിച്ച കൊച്ചിൻ റിഫൈനറിയെ ബി.പി.സി.എൽ. ഏറ്റെടുത്തത് സംസ്ഥാന ഓഹരി നിലനിർത്തിയിട്ടാണോ ; എങ്കിൽ എത്ര ശതമാനം; വ്യക്തമാക്കുമോ; | (എ) | കൊച്ചി റിഫൈനറീസ് ലിമിറ്റഡ് (കെആർഎൽ) 2006 ഓഗസ്റ്റിൽ ബി.പി.സി.എല്ലുമായി ലയിപ്പിച്ചു, ലയനത്തിന്റെ ഫലമായി കൊച്ചി റിഫൈനറിയുടെ ഓഹരി ഉടമയായ കേരള സർക്കാരിന് കൊച്ചി റിഫൈനറിയുടെ ഓരോ ഒമ്പത് ഇക്വിറ്റി ഷെയറുകൾക്കും ബി.പി.സി.എൽ- ന്റെ നാല് ഇക്വിറ്റി ഷെയറുകളുടെ സ്വാപ്പ് അനുപാതത്തിൽ ബി.പി.സി.എൽ. -ൽ ഓഹരികൾ അനുവദിച്ചു. ലയനത്തിനുശേഷം ബി.പി.സി.എൽ ന്റെ ഡയറക്ടർ ബോർഡിൽ കേരള സർക്കാർ ഒരു നോമിനിയെ നിയമിച്ചിട്ടുണ്ട്. നിലവിൽ, ബിപിസിഎൽ ൽ 18666666 ഇക്വിറ്റി ഓഹരികൾ അതായത് ആകെ ഓഹരിയുടെ 0.86% കേരള സർക്കാരിന്റെ കൈവശമാണ്. |
| (ബി) | നിലവിൽ ബി.പി.സി.എൽ. കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തുനിയുമ്പോൾ പ്രസ്തുത ഓഹരിയ്ക്ക് എന്തെങ്കിലും തരത്തിലുള്ള മാറ്റം സംഭവിക്കുമോ; വ്യക്തമാക്കുമോ; | (ബി) | സ്വകാര്യവത്ക്കരണ നടപടികൾ പൂർണ്ണമാകുമ്പോഴേ ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ കഴിയൂ. |
| (സി) | ബി.പി.സി.എൽ. സ്വകാര്യവത്കരിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോ കെമിക്കൽ പാർക്ക് പദ്ധതിയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | 25,000 കോടി രൂപ മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം കിൻഫ്ര മുഖാന്തിരം സ്വീകരിച്ചുവരികയാണ്. പ്രസ്തുത പെട്രോകെമിക്കൽ പാർക്കിൽ വ്യവസായം ആരംഭിക്കുന്നതിന് നിരവധി സംരംഭകർ മുന്നോട്ടു വന്നിട്ടുണ്ട്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടതെന്നതിനാൽ പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിക്കും. |

സെക്ഷൻ ഓഫീസർ